# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മേലൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റ® ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പ® : 1710/2021 കെ.എസ്.എ.ടി.എസ്.ആ® (പി-8)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 27/06/2022
ഇ-മെയി® :
dotsr.ksad@kerala.gov.in
ഫോ® : 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മേലൂര് ഗ്രാമപഞ്ചായത്ത്

സ® ,

**വിഷയം : മേലൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥക® പ്രകാരം മേലൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വ® ഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോ® ട്ട് 1996 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് ചട്ടം 23(1)® നി® ദ്ദേശിക്കുന്ന പ്രകാരമുള്ള തുട® നടപടിക® ക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോ® ട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോ® ട്ട് കൈപ്പറ്റിയാലുടൻ® ഇതി® പരാമ® ശിക്കുന്ന ക്രമക്കേടുക® ക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പക® പ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോ® ട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോ® ട്ട് വിശദമായി ച® ച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോ® ട്ടിന്റെയും അതിന്മേ® എടുത്ത തീരുമാനത്തിന്റെയും പക® പ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോ® ട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതി® ഉ® പ്പെടുന്ന ഓഡിറ്റ് പരാമ® ശങ്ങ® /തടസ്സങ്ങ® ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോ® ട്ട് പ്രസ്തുത കാലയളവിനുള്ളി® ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്ക® ഫണ്ട് ഓഡിറ്റ് നിയമം സെക്ഷ® 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പക® പ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂ® .
3) കാര്യാലയ പകർപ്പ്.

നമ്പ൪ : 1710/2021 കെ.എസ്.എ.ടി.എസ്.ആ൪ (പി-8) തീയ്യതി: 27/06/2022

## തൃശ്ശൂർ ജില്ലയിലെ മേലൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്ക൪ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്ക൪ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂ൪ ജില്ലയിലെ മേലൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വ൪ഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുത൪ 15-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുത൪ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റി൪ കണ്ടെത്തിയ അപാകതക൪ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയി൪ പ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുക൪ ന൪ കിയതി൪ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോ൪ ട്ടി൪ ഉ൪ പ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളി൪ മേലുള്ള തുട൪ നടപടിക൪ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തി൪ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോ൪ ട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം ന൪ കിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തി൪ തയ്യാറാക്കി ഈ റിപ്പോ൪ ട്ടി൪ ഉ൪ പ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തി൪ മറ്റൊരു ഓഡിറ്റ് ഏജ൪ സി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 15-11-2021 | 27-11-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-11-2021 | 27-11-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ഷീന കെ ടി, ഓഡിറ്റ് ഓഫീസർ
ശ്രീ ശിവദാസൻ എ കെ,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി സുമിത ടി കെ,അസി.ഓഡിറ്റ് ഓഫീസർ

ശ്രീ സലീഷ് എം ജി,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി ധന്യ എ സുരേന്ദ്രൻ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ പി പി ബാബു | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 30-12-2020 |
| ശ്രീമതി സുനിത.എം.എസ് | പ്രസിഡന്റ് | 31-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ പി എസ് ഫ്രാൻസിസ് | സെക്രട്ടറി | 01-04-2020 | 05-03-2021 |
| ശ്രീ അനൂപ് സി എൻ | സെക്രട്ടറി(അധിക ചുമതല) | 06-03-2021 | 16-03-2021 |
| ശ്രീമതി സിന്ധു കെ | സെക്രട്ടറി(അധിക ചുമതല) | 17-03-2021 | 31-03-2021 |
| ശ്രീ അനൂപ് സി എൻ | അസി.സെക്രട്ടറി | 01-04-2020 | 16-03-2021 |
| ശ്രീമതി സിന്ധു കെ | അസി.സെക്രട്ടറി | 17-03-2021 | 31-03-2021 |
| ശ്രീമതി ധന്യ എം എസ് | അസി എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി ജയ | വി ഇ ഒ മേലൂർ | 01-04-2020 | 02-11-2020 |
| ശ്രീമതി ലേഖ വി വി | വി ഇ ഒ മേലൂർ | 02-11-2020 | 31-03-2021 |
| ശ്രീമതി ലിഷ മോഹൻ | വി ഇ ഒ കുന്നപ്പിള്ളി | 01-04-2020 | 31-03-2021 |
| ഡോ സുനിൽകുമാർ അരവിന്ദ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി ഷിസ ഉല്ലാസ് | കൃഷി ഓഫീസർ | 01-04-2020 | 04-05-2020 |
| ശ്രീമതി ചിത്ര | കൃഷി ഓഫീസർ | 04-05-2020 | 21-05-2020 |
| ശ്രീമതി ദീപ ആന്റണി | കൃഷി ഓഫീസർ | 21-05-2020 | 12-10-2020 |
| ശ്രീമതി ടീന സീമന്തി | കൃഷി ഓഫീസർ | 12-10-2020 | 02-11-2020 |
| ശ്രീമതി ഷിസ ഉല്ലാസ് | കൃഷി ഓഫീസർ | 02-11-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി അനില ടി തെയ്യശ്ശഞ്ചേരി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 11-04-2020 |
| ശ്രീ സെബിൻ പി എഫ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 11-04-2020 | 31-03-2021 |
| ശ്രീമതി ശാന്ത | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 15-12-2020 |
| ശ്രീമതി ഇന്ദു വിശ്വകുമാർ | ഐ സി ഡി എസ് സൂപ്പർവൈസർ | 15-12-2020 | 31-03-2021 |
| ഡോ രജനി ശ്രീധർ | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി | 01-04-2020 | 10-05-2020 |
| ഡോ രശ്മി | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി | 10-05-2020 | 31-03-2021 |
| ശ്രീമതി ജോമോൾ സി ബേബി | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2020 | 01-11-2020 |
| ശ്രീമതി ജിബിന | ഫിഷറീസ് ഇൻസ്പെക്ടർ | 02-11-2020 | 31-03-2021 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപെൻഷനുകൾ സംബന്ധിച്ച് | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | വസ്തുനികുതി സാംഖ്യ, സഞ്ചയ എന്നിവയിലെ രേഖപ്പെടുത്തലുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-10 |
| 11 | അഡ്വാൻസ് ഇനത്തിൽസഞ്ചയ , സാംഖ്യ എന്നിവയിലെ രേഖകൾ തമ്മിൽ പൊരുത്തക്കേട് | 1-11 |
| 12 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-12 |
| 13 | വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-13 |
| 14 | സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തിയിട്ടില്ല | 1-14 |
| 15 | ഷോപ്പിങ്ങ് കോംപ്ലക്സ് വാടകയുമായി ബന്ധപ്പെട്ട അപാകതകൾ | 1-15 |
| 16 | ലൈസൻസില്ലാതെ ലൈവ് സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നു | 1-16 |
| 17 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയില്ല | 1-17 |
| 18 | ഫാക്ടറികൾക്കും/വ്യാപാരങ്ങൾക്കും/സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ-അപാകതകൾ | 1-18 |
| 19 | വീട് വാസയോഗ്യമാക്കൽ കൈപറ്റിയതുക പണി പൂർത്തീകരിക്കാതെ തിരിച്ചടച്ചത് സംബന്ധിച്ച്. | 1-19 |
| 20 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്-ശാരീരിക വെല്ലുവിളി നേരിടുന്ന വ്യക്തിക്ക് തെറ്റായി അധിക തുക നൽകി. | 1-20 |
| 21 | ആരോഗ്യ ജാഗ്രത-ആർദ്രം ജനകീയ ക്യാംപയിൻ -മാർഗ്ഗരേഖ പ്രകാരം ഏറ്റെടുക്കുവാൻ അനുവദനീയമല്ല. | 1-21 |
| 22 | മരുന്ന് വാങ്ങൽ -മരുന്ന് ലഭ്യമായിട്ടില്ല. | 1-22 |

| | | |
|---|---|---|
| 23 | പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനം-ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക കൈമാറിയിട്ടില്ല. | 1-23 |
| 24 | കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-24 |
| 25 | സുഭിക്ഷ കേരളം മുട്ടക്കോഴി വളർത്തൽ-കൈപ്പറ്റ് രസീത് ,കൂട് ഉണ്ടെന്ന സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. | 1-25 |
| 26 | മേലൂർ പിഎച്ച് സി എച്ച് എം സി കണക്കുകൾ ഹാജരാക്കിയിട്ടില്ല. | 1-26 |
| 27 | മണ്ടിക്കുന്ന് ലൈബ്രറി ഹാൾ പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച് | 1- 27 |
| 28 | വാട്ടർ അതോറിറ്റിയ്ക്ക് സെന്റേജ്ചാർജ് അധികം നൽകിയത് ക്രമീകരിക്കേണ്ടതാണ്. | 1-28 |
| 29 | പ്രിന്റിംഗ് ജോലികൾക്ക് കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കുന്നില്ല | 1-29 |
| 30 | ഗ്രാമ പഞ്ചായത്ത് ലൈബ്രറിയുടെ ശോചനീയാവസ്ഥ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്. | 1-30 |
| 31 | വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് | 1-31 |
| 32 | മരാമത്ത് അവലോകനം | 1-32 |
| 33 | വൈകി പൂർത്തീകരിച്ച പ്രവർത്തിക്ക് നിയമാനുസൃത ടൈം എക്സ്റ്റെൻഷൻ നൽകിയിട്ടില്ല. ഫൈൻ ഈടാക്കിയിട്ടില്ല. | 1-33 |
| 34 | എം.ജി.എൻ.ആർ.ഇ.ജി.എസ് അവലോകനം | 1-34 |
| 35 | സോഷ്യൽ ഓഡിറ്റ് കാര്യക്ഷമമല്ല | 1-35 |
| 36 | ആശ്രയ അഗതിരഹിത കേരളം തുക കൈമാറൽ പദ്ധതി കൈമാറിയ തുക കുടുംബശ്രീ സി ഡി എസ് എക്കൗണ്ടിൽ ഉപയോഗിക്കാതെ കിടക്കുന്നു. | 1-36 |
| 37 | വെള്ളക്കരം കൃത്യമായി അടവാക്കുന്നുണ്ടെങ്കിലും വലിയ ഒരു തുക അടവാക്കാൻ ബാക്കിയുള്ളതായി ബില്ലിൽ കാണുന്നു. | 1-37 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്കുള്ള ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പാ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 25-3-2020 | 6 | 245209075 | 204415000 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 16-2-2021 | 1 | 230817596 | 198304428 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി |
|---|---|
| 31-7-2021 | 12.5.21 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 37321128 |
| വരവ് | 91218363 |
| ആകെ | 128539491 |
| ചെലവ് | 106520560 |
| നീക്കിയിരിപ്പ് | 22018931 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 20384003 | 17811350 | 2572653 |
| വികസനഫണ്ട്-എസ് സി പി | 5679529 | 5400601 | 278928 |
| വികസനഫണ്ട്-ടി എസ് പി | 84670 | 65000 | 19670 |
| മെയിന്റനൻസ്-റോഡ് | 9602000 | 9581619 | 20381 |
| മെയിന്റനൻസ്-റോഡിതരം | 4330751 | 4310658 | 20093 |
| സെന്റ്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 10818972 | 8589934 | 2229038 |
| ടൈഡ് | 5940000 | 2975137 | 2964863 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ(എണ്ണം) | അടങ്കൽ(തുക) | നടപ്പിലാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 212 | 135729130 | 159 | 75350574 | 9 | 44 | 75% |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 755 | 1097017 | 1097772 | 1027537 | 70235 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 28857307 | 28857307 | 28857307 | |

## 1–7 ക്ഷേമപെൻഷനുകൾ സംബന്ധിച്ച്

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 5520 | 8 |
| കർഷകതൊഴിലാളി പെൻഷൻ | 5979100 | 404 |
| വിധവാ പെൻഷൻ | 20090400 | 1320 |
| വാർദ്ധക്യകാല പെൻഷൻ | 33277100 | 2465 |
| വികലാംഗ പെൻഷൻ | 3967200 | 265 |
| 50വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2075600 | 138 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 330000 | 11 |

## 1–8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-11-2021 തീയതിയിൽ 3:00 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 33,334/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1–9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. രജിസ്റ്ററുകൾ, വൗച്ചറുകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗുകളിൽ നിർവഹണോദ്യോഗസ്ഥരോട് പദ്ധതിപ്രവർത്തനങ്ങളുടെ പുരോഗതി ആരായുന്നതും അവലോകനം ചെയ്യുന്നതും കാണുന്നില്ല. പദ്ധതിഫയലുകളിൽ മോണിറ്ററിംഗ് റിപ്പോർട്ട് കാണുന്നില്ല. വാടകയുടെ കാര്യത്തിൽ ആഭ്യന്തര നിയന്ത്രണം കൂടുതൽ ഫലപ്രദമാക്കേണ്ടതാണ്.

## 1–10 വസ്തുനികുതി സാംഖ്യ, സഞ്ചയ എന്നിവയിലെ രേഖപ്പെടുത്തലുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

1.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇരു പോലെ ബാലൻസും തമ്മിൽ യോജിക്കേണ്ടതുണ്ട്. എന്നാൽ താഴെ ചേർക്കുന്ന ഇനങ്ങളിൽ മേൽപ്രകാരം സാംഖ്യ, സഞ്ചയ ഇനങ്ങളിൽ തമ്മിൽ യോജിക്കുന്നില്ല.

1.1റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 37540 | 37062 | 557 |
| വാർഷികകണക്കിലെ | *33571 | 37062 | **558 |

| | | | |
|---|---|---|---|
| വിവിധ പത്രികകൾ പ്രകാരം | *(2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (35250X100)/105) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (586/105X100)=558 |

1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 187808 | 114968 | 72877 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 186459 | 114968 | 72877 |
| | (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(195782X100)/105) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(76524/105X100)=72880, ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-11 അഡ്വാൻസ് ഇനത്തിൽസഞ്ചയ , സാംഖ്യ എന്നിവയിലെ രേഖകൾ തമ്മിൽ പൊരുത്തക്കേട്

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 **"Other Liabilities"** എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 576 | 23463 |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 0 | 15203 |

## 1-12 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-13 വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2,20,18,931 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (1,47,48,728) രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-14 സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തിയിട്ടില്ല

സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 58,4(എ)).

## 1-15 ഷോപ്പിങ്ങ് കോംപ്ലക്സ് വാടകയുമായി ബന്ധപ്പെട്ട അപാകതകൾ

പഞ്ചായത്തിന്റെ ഷോപ്പിങ്ങ് കോംപ്ലക്സിലെ 45,48,49,50,52,54,58 എന്നീ മുറികളാണ് വാടകയ്ക്കു നൽകിയിരിക്കുന്നത്. വാടകയുമായി ബന്ധപ്പെട്ട അപാകതകൾക്ക് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (എൻക്വയറി നം.2/16.11.2021) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1) റൂം നമ്പർ 45, 48, 49, 50, 52, 54, 58 എന്നിവയിൽ നിന്ന് യഥാക്രമം 6242, 4369, 6950, 6554, 3348, 2700, 3250 രൂപയാണ് മാസ വാടക ഡിമാന്റ് ചെയ്തിട്ടുള്ളത്. വാടക തുക ഈടാക്കിയപ്പോൾ ജി എസ് ടി ഈടാക്കിയിട്ടില്ല.
2) കടമുറികൾ ലേലം കൊണ്ടവരുമായി 2016-17 വർഷം മുതൽ 3 വർഷത്തേയ്ക്കാണ് കരാർ ചമച്ചിട്ടുള്ളത്. 2019-20 വർഷം മുതൽ കരാർ പുതുക്കിയിട്ടില്ല.
3) നിലവിൽ മൂന്നു മുറികൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്.
2021-22 സാമ്പത്തിക വർഷം മുതൽ ജി എസ് ടി ഈടാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും ഒഴിഞ്ഞു കിടക്കുന്ന മുറികൾ പുനർലേലം ചെയ്യുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
4) 49-ാം നമ്പർ കടമുറിയുടേയും 52-ാം നമ്പർ കടമുറിയുടേയും വർഷം തിരിച്ചുള്ള വാടക കുടിശ്ശിക ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ലേലം കൊണ്ടയാൾ | വാടക | തൻവർഷ ഡിമാന്റ് 20-21 | കുടിശ്ശിക 20-21 | കുടിശ്ശിക 19-20 | കുടിശ്ശിക 18-19 | കുടിശ്ശിക 17-18 | ആകെ കുടിശ്ശിക |
|---|---|---|---|---|---|---|---|---|
| 11/49 | സുമേഷ് സൈമൺ, പെരേപ്പാടൻ, കുവ്വക്കാട്ട്കുന്ന് | 6950 | 69500 | 69500 | 83400 | 83400 | 62550 | 298850 |
| 11/52 | ഷാജൻ,വാരേക്കുളം, കാലടി | 3348 | 20088 | 20088 | 40176 | 40176 | 24470 | 124910 |

കുടിശ്ശിക തുക കാലഹരണപ്പെട്ടു പോവാതിരിക്കാൻ നടപടികൾ സ്വീകരിച്ച് ഈടാക്കേണ്ടതാണ്.
5) 54ാം നമ്പർ മുറിയുടെ 2019 സെപ്തംബർ മുതൽ 2020 ജനവരി വരെയുള്ള വാടക കുടിശ്ശികയായ 13500 രൂപയും, 55ാം നമ്പർ മുറിയുടെ 2017 ഏപ്രിൽ മുതൽ 2020 മാർച്ച് വരെയുള്ള വാടക കുടിശ്ശികയായ 158400 രൂപയും ഡിമാന്റിൽ നിന്നു ഒഴിവാക്കുന്നതിന് 22.10.2020 ലെ യഥാക്രമം 3(1), 6(2) എന്നീ തീരുമാനങ്ങൾ പ്രകാരം സ്റ്റിയറിങ്ങ് കമ്മിറ്റി അംഗീകരിക്കുകയും ആയതു പ്രകാരം സെക്രട്ടറി ഉത്തരവാകുകയും ചെയ്തു (നമ്പർ എ4-434/2020/28.10.2020, നമ്പർ എ4-2328/2020/28.10.20). ടി മുറികൾ മേൽ പറഞ്ഞ കാലയളവുകളിൽ ഒഴിഞ്ഞ് കിടന്നിട്ടും ആയത് പരിശോധിക്കാതെ വാടക ഡിമാന്റ് ചെയ്യുകയും പിന്നീട് തുക എഴുതിതള്ളുകയും ചെയ്ത നടപടി ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 1-16 ലൈസൻസില്ലാതെ ലൈവ് സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നു

2020-21 സാമ്പത്തിക വർഷത്തിൽ പുതുതായി കെട്ടിട നമ്പർ നൽകിയ താഴെ ചേർത്തിരിക്കുന്ന ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നമ്പർ | ഉടമസ്ഥൻ | കെട്ടിട നമ്പർ |
|---|---|---|
| 1 | സുരേഷ് എം വി, മണക്കാട്ടുപടി, കുന്നപ്പിള്ളി | 7/118A |
| 2 | ആന്റണി&സീന, പന്തല്ലൂക്കാരൻ, അടിച്ചിലി | 384B |
| 3 | ആന്റണി & സീന, പന്തല്ലൂക്കാരൻ, അടിച്ചിലി | 384C |

2012 ലെ കേരള പഞ്ചായത്ത് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ,ചട്ടം3(2) പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ചട്ടങ്ങളിലെ നിബന്ധനകൾ പാലിക്കാതെയും ചട്ടം 3(1) ൽ സൂചിപ്പിച്ചിട്ടുള്ള എണ്ണത്തിൽ കൂടുതൽ മൃഗങ്ങളേയോ പക്ഷികളേയോ വളർത്തുവാൻ പാടില്ല. വളർത്തുന്ന പക്ഷി മൃഗാദികളുടെ എണ്ണം ഗ്രാമപഞ്ചായത്തിൽ ലഭ്യവുമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം.31/25.11.2021) മറുപടി ലഭ്യമാക്കിയില്ല. **ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.**

## 1-17 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയില്ല

താഴെ ചേർത്തിരിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2020-21 സാമ്പത്തിക വർഷം രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | സ്ഥാപനം | ഉടമസ്ഥന്റെ പേര് |
|---|---|---|---|
| 1 | 17/228 | മേലൂർ ഡെന്റൽ ക്ളിനിക്ക് | രാജേഷ് കെ ഡി, കരപറമ്പിൽ വീട്, പരിയാരം |
| 2 | 11/276 | നാനോടെക്ക് ലബോറട്ടറി, മേലൂർ | ശിവദാസൻ കെ വി, കാമറ്റത്തിൽ വീട്, കൂവക്കാട്ട്കുന്ന് |
| 3 | 6/19 | ചാക്കോളാസ് ഡെന്റൽ ക്ലിനിക്ക് | ഡോ ജെഷ് ജെയിംസ്, ചാക്കോള, മേലൂർ |
| 4 | 3/29 | നവശക്തി ഹോമിയോ ക്ലിനിക്ക് | രാഘവൻ, കൊളക്കാട്ടിൽ, പൂലാനി |
| 5 | 11/234 | ശാലോം ലബോറട്ടറി | മിനി ഷാജി, ചക്കാലയ്ക്കൽ, മേലൂർ |

1997- ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ,ചട്ടം 5(1) പ്രകാരം ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പാരാമെഡിക്കൽ സ്ഥാപനങ്ങൾ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പായി അൻപത് രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം രജിസ്ട്രേഷൻ പുതുക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.30/25.11.2021 ന് മറുപടി ലഭ്യമാക്കിയില്ല).

## 1-18 ഫാക്ടറികൾക്കും/വ്യാപാരങ്ങൾക്കും/സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ- അപാകതകൾ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017 ലെ സ.ഉ.(പി)നം.80/2017 (SRO No.674/2017) പ്രകാരം 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് പുറപ്പെടുവിച്ച ഭേദഗതികൾ പ്രകാരം ടി ചട്ടത്തിന്റെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും,

വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നാക്കി മാറ്റിയിട്ടുണ്ട്. അതനുസരിച്ച് ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ട അപാകതകൾ ചുവചെ ചേർക്കുന്നു.

1) മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളെ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടില്ല.

2) 2020-21 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങൾ അപേക്ഷ സമർപ്പിച്ചതിൽ പലതിലും മൂലധന നിക്ഷേപം പൂരിപ്പിച്ചു കാണുന്നില്ല.

3)ശ്രീ ജോജി കെ എ, കുന്നപ്പിള്ളി വീട്, കൊരട്ടി പി ഒ എന്നയാളുടെ ഗോൾഡൻ വിന്റേജ് എന്ന പേരിലുള്ള സ്ഥാപനത്തിന് ലൈസൻസ് നൽകിയിട്ടുണ്ട്. ടിയാന്റെ അപേക്ഷ പ്രകാരം മൂലധന നിക്ഷേപം 45 ലക്ഷം രൂപയാണ്. ടിയാനിൽ നിന്നും ഈടാക്കാവുന്ന ഫീസ് 1000 രൂപയാണ്. എന്നാൽ 500 രൂപ മാത്രമാണ് ലൈസൻസ് ഫീ ഈടാക്കിയത്.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നമ്പർ.36/26.11.2021) അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 1-19 വീട് വാസയോഗ്യമാക്കൽ കൈപറ്റിയതുക പണി പൂർത്തീകരിക്കാതെ തിരിച്ചടച്ചത് സംബന്ധിച്ച്.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മേലൂർ സർക്കിൾ

വീട് വാസയോഗ്യമാക്കൽ SC പദ്ധതിയിൽ തുക കൈപറ്റിയതിനുശേഷം പണി നടത്താതെ തുക താഴെപറയും വിധം ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്.

| ഗുണഭോക്താവ് | പദ്ധതിനമ്പർ<br>ബിൽനമ്പർ<br>തിയതി<br>ബിൽ തുക | അനുവദിച്ച തുക | തിരിച്ചടച്ച തുക<br>രസീതിനമ്പർ<br>തിയതി |
|---|---|---|---|
| സുധാകരൻ വി.എസ്,<br>വട്ടൂരപറമ്പിൽ വീട്,<br>മണ്ടിക്കുന്ന്,<br>മുരിങ്ങൂർ.പി.ഒ. | 87/2021<br>05/2020-21<br>13.01.2021<br>175000 | 25000 | 25000<br>120070108881<br>23.03.21 |

ചികിത്സക്കായി പണം കണ്ടെത്തുന്നതിനായി വീട് വിൽക്കേണ്ടി വന്നതിനാലാണ് പ്രവർത്തി പൂർത്തീകരിയ്ക്കാൻ സാധിക്കാതിരുന്നതെന്ന് ഫയലിൽ നിന്നും വ്യക്തമാകുന്നു.

മേൽപ്രകാരം ഗുണഭോക്താവ് ഗ്രാമപഞ്ചായത്തിൽ തിരിച്ചടച്ച തുക സഞ്ചിതനിധിയിലേക്ക് അടവാക്കി ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് ( ഓഡിറ്റ് എൻക്വയറി 05/19.11.2021).

## 1-20 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്-ശാരീരിക വെല്ലുവിളി നേരിടുന്ന വ്യക്തിക്ക് തെറ്റായി അധിക തുക നൽകി.

പദ്ധതി നമ്പർ-7/21

നിർവ്വഹണ ഉദ്യോഗസ്ഥ-ഐസിഡിഎസ് സൂപ്പർവൈസർ

ബിൽ നമ്പർ-9/2.2.2021-448800/-

ബിൽ നമ്പർ-12/23.3.2021-250000/-

ഷീല. എം.പി, മൽപാൻ ഹൗസ്, മുരിങ്ങൂർ, കിൻഫ്ര പാർക്ക് എന്ന വ്യക്തിയുടെ ഫയൽ പരിശോധിച്ചതിൽ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ സർട്ടിഫിക്കറ്റ് ഓഫ് ഡിസബിലിറ്റി പ്രകാരം (നം.212/19/31.10.2019) ടിയാൾക്ക് 50% Locomotor Disability Upper And Lower Limb എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആധാർ കാർഡ് പ്രകാരം ടി വ്യക്തിയുടെ ജനനനതീയതി 14.4.1970 ആണ്. ടി വ്യക്തി 2000 മുതൽ പഞ്ചായത്തിൽ നിന്ന് ഡിസബിലിറ്റി പെൻഷൻ വാങ്ങുന്നുണ്ട്. 23.7.2020 ലെ മഡോണ സ്പെഷ്യൽ സ്കൂൾ പോട്ട (Home For Mentally

Challenged) എന്ന സ്ഥാപനത്തിന്റെ പ്രിൻസിപ്പലിന്റെ സാക്ഷ്യപത്ര പ്രകാരം ടിയാൾ അവിടുത്തെ വൊക്കേഷണൽ സെക്ഷനിലെ വിദ്യാർത്ഥിയാണ്. സ.ഉ.(കൈ)22/2018/തസ്വഭവ സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് ഖ.7.1.6 പ്രകാരം ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് മാത്രമാണ് സ്കോളർഷിപ്പിന് അർഹത ഉള്ളത്. തെറ്റായ സാക്ഷ്യപത്രം ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് മേൽ രണ്ട് ബില്ലുകളിലായി 24,000 രൂപ നൽകിയിട്ടുണ്ട്. മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി നമ്പർ-7/19.11.2021). എൻക്വയറിക്ക് മറുപടി ലഭ്യമാകാത്ത സാഹചര്യത്തിൽ ചെലവ് തുക 24,000 രൂപ തടസ്സപ്പെടുത്തുന്നു. വ്യക്തമായ രേഖകൾ ഹാജരാക്കാത്ത പക്ഷം തെറ്റായി നൽകിയ തുക തിരികെ ഈടാക്കുന്നതിനോ അഥവാ തെറ്റായി തുക നല്കിയ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്ന് ഈടാക്കുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്. ഹാജരാക്കുന്ന രേഖകൾ ശരിയായി പരിശോധിക്കാതെ തെറ്റായി അധിക തുക നൽകുന്ന പ്രവണത വരും വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1–21 ആരോഗ്യ ജാഗ്രത–ആർദ്രം ജനകീയ ക്യാംപയിൻ –മാർഗ്ഗരേഖ പ്രകാരം ഏറ്റെടുക്കുവാൻ അനുവദനീയമല്ല.

പദ്ധതി നമ്പർ-95/21

നിർവ്വഹണ ഉദ്യോഗസ്ഥ- മെഡിക്കൽ ഓഫീസ®

ബിൽ നമ്പർ-7/14.8.2020-44400/-രൂ

പൊതു ജനങ്ങളിൽ പൊതുജനാരോഗ്യത്തെക്കുറിച്ചും പകർച്ചവ്യാധി പ്രതിരോധത്തെക്കുറിച്ചും ശാസ്ത്രീയമായ മാലിന്യ സംസ്കരണ രീതികളെക്കുറിച്ചും വാഹന പ്രചരണ ജാഥ, ബോധവൽക്കരണ ക്ലാസ്, തെരുവ് നാടകം, ഫ്ളാഷ് മോബ് എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ആവിഷ്കരിച്ച പദ്ധതിയിൽ വെഹിക്കിൾ അനൗൺസ്മെന്റ്– 17,000 രൂപ ബാനർ- 4,400 രൂപ, റിഫ്രഷ്മെന്റ്- 23,000 രൂപ എന്നിവക്കായാണ് തുക ചെലവഴിച്ചത്. ബോധവൽക്കരണ ക്ലാസ്സുകളും വാഹന പ്രചരണവുമാണ് പദ്ധതി പ്രകാരം നടത്തിയിരിക്കുന്നത്.

സ.ഉ.(കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14.2.2018 സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് ഖ.8.4 പ്രകാരം ഉൽപാദനപരമല്ലാത്ത ബോധവൽക്കരണ പരിപാടികൾ വികസന ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുവാൻ പാടില്ല.

ചെലവ് തുക 44,400 രൂപ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി നമ്പർ-27/23.11.21)

ഭാവിയിൽ മാർഗ്ഗരേഖ പ്രകാരം ഏറ്റെടുക്കുന്നതിന് അനുവാദമുള്ള പ്രവൃത്തികൾ മാത്രമേ ഏറ്റെടുക്കുന്നുള്ളൂ എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1–22 മരുന്ന് വാങ്ങൽ –മരുന്ന് ലഭ്യമായിട്ടില്ല.

1) പദ്ധതി നമ്പർ-40/2021

പിഎച്ച്സിയിലേക്ക് മരുന്ന് വാങ്ങൽ

ബിൽ നമ്പർ-6/14.8.2020-387479/-

2) പദ്ധതി നമ്പർ-10/2021

പാലിയേറ്റീവ് കെയർ

ബിൽ നമ്പർ-14/21.2.2021 -232656( 2,04,131 രൂപയാണ് മരുന്ന് വാങ്ങലിന് ചെലവഴിച്ചത്)

ബിൽ നമ്പർ-23/31.3.2021-50000/-

ക്രമ നമ്പർ 1 പ്രകാരം കൈമാറിയ തുകയിൽ 3,46,041 രൂപക്കുള്ള മരുന്ന് ലഭിച്ചു. ബാലൻസ് തുകക്കുള്ള (41,438/-) മരുന്ന് ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ക്രമ നമ്പർ 2 പ്രകാരം കൈമാറിയ തുകക്കുള്ള മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല.

മരുന്നുകൾ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1–23 പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനം–ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക കൈമാറിയിട്ടില്ല.

പദ്ധതി നമ്പർ-80/21

നിർവ്വഹണ ഉദ്യോഗസ്ഥ – മെഡിക്കൽ ഓഫീസർ

പിഎച്ച്സി മേലൂർ

ബിൽ നമ്പർ-9/18.9.2020-42476/-രൂ

ബിൽ നമ്പർ-17/21.1.2021-23400/-രൂ

ബിൽ നമ്പർ-21/27.3.2021-59930/-രൂ

മേൽ പദ്ധതിയിൽ ഫോഗിങ്ങ്, കൊതുകിന്റെ ഉറവിട നശീകരണം എന്നീ പ്രവർത്തനങ്ങൾ നടത്തിയതിന് യഥാക്രമം ജോൺസൺ.കെ.പി, കുരിശ്ശേരിഹൌസ്, പാലമുറി എന്ന വ്യക്തിക്കും (7500/-) ആശാ വർക്കർമാർക്കും (15020/-) നൽകേണ്ട വേതനം ഹെൽത്ത് ഇൻസ്പെകടർ, ജൂനിയർ ഹെൽത്ത് നഴ്സ് എന്നിവരുടെ അക്കൗണ്ടിലേക്കാണ് നൽകിയിരിക്കുന്നത്. പദ്ധതി മാർഗ്ഗരേഖ ഉത്തരവിൽ ഗുണഭോക്താക്കൾക്ക് നൽകേണ്ട വേതനം പ്രസ്തുത വ്യക്തികളുടെ അക്കൗണ്ടിലേക്ക് നൽകണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/23.11.2021) പ്രൊജക്ട് പാസ്സാകാനുള്ള കാലതാമസം കൊണ്ട് വേതനം നൽകിയെന്നും അതിനാലാണ് തുക അവരുടെ അക്കൗണ്ടിലേക്ക് കൈമാറിയതെന്നും അറിയിച്ചിട്ടുണ്ട്. മേലിൽ ഇത്തരം സാഹചര്യം ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതികളുടെ നടത്തിപ്പിലെ സുതാര്യത ഉറപ്പ് വരുത്തുന്നതിന് വേണ്ടിയാണ് സർക്കാർ ഇത്തരത്തിൽ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്. അവ പാലിക്കപ്പെടുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്.

## 1-24 കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ

പദ്ധതി നമ്പർ-29/2021

ബിൽ നമ്പർ-5/25.3.2021-3,12,500/- രൂപ

പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതും പദ്ധതിയിൽ നിന്ന് വിട്ടുപോയവർ ഉണ്ടെങ്കിൽ വിവരം പരിശോധിച്ച് ചെലവഴിക്കാത്ത അവശേഷിക്കുന്ന വിഹിതം തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതുമാണ്.

## 1-25 സുഭിക്ഷ കേരളം മുട്ടക്കോഴി വളർത്തൽ-കൈപ്പറ്റ് രസീത് ,കൂട് ഉണ്ടെന്ന സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

പദ്ധതി നമ്പർ-203/2021

നിർവ്വഹണ ഉദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ

ചെക്ക് നമ്പർ-2886758/22.9.2020-466080/-
ചെക്ക് നമ്പർ-2900913/12.10.2020-400000/-
ചെക്ക് നമ്പർ-2985812/16.11.2020-135200/-
ചെക്ക് നമ്പർ-2985811/16.11.2020-330120/-

പഞ്ചായത്തിലെ 2500 ഗുണഭോക്താക്കൾക്ക് 5 വീതം മുട്ടക്കോഴികളെ നൽകുന്നതിനായാണ് പദ്ധതി ആവിഷ്കരിച്ചത്. സുഭിക്ഷ കേരളം സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് സ.ഉ(സാധാ) നം.1009/2020/തസ്വഭവ/29.5.2020 പ്രകാരം സ്വന്തമായി കൂടില്ലെങ്കിൽ 50% സബ്സിഡി മാത്രമേ നൽകാനാകൂ. നിലവിൽ 100% സബ്സിഡി നൽകിയാണ് മുട്ടക്കോഴികളെ വിതരണം നടത്തിയിരിക്കുന്നത്.

2500 പേരുടെ ഗുണഭോക്തൃ ലിസ്റ്റാണ് ഹാജരാക്കിയിരിക്കുന്നത്. ഗുണഭോക്തൃ ലിസ്റ്റും മെമ്പർമാരുടെ സാക്ഷ്യപത്രവും കൈപ്പറ്റ് രസീതും പരിശോധിച്ചതിൽ ആകെ 830 പേരുടെ സാക്ഷ്യപത്രവും 1091 പേരുടെ കൈപ്പറ്റ് രസീതും മാത്രമേ ഹാജരാക്കിയിട്ടുള്ളൂ.

പദ്ധതിയുടെ മോണിറ്ററിങ്ങ് റിപ്പോർട്ടും ഫയലിൽ ഇല്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്

## 1-26 മേലൂർ പിഎച്ച് സി എച്ച് എം സി കണക്കുകൽ ഹാജരാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ-1/15.11.2021)
2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി) ചട്ടങ്ങൾ, സ.ഉ ( ആർ.റ്റി ) 3379 / 14 എച്ച്. എഫ് ഡബ്ളിയു.ഡി തി 3-12-04 എന്നിവയ്ക്ക് വിധേയമായി രൂപം കൊണ്ടിട്ടുള്ള മേലൂർ പ്രാഥമികാരോഗ്യ കേന്ദ്രം ഹോസ്പിറ്റൽ മാനേജിങ്ങ് കമ്മിറ്റിയുടെ 2019-20 സാമ്പത്തിക വർഷം

മുതലുള്ള വാർഷിക കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1– 27 മണ്ടിക്കുന്ന് ലൈബ്രറി ഹാൾ പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച്

മണ്ടിക്കുന്ന് ലൈബ്രറി ഹാൾ ഇലക്ട്രിഫിക്കേഷന് താഴെപ്പറയും വിധം തുക ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നമ്പർ തിയതി | ചെലവിനം | തുക |
|---|---|---|
| 219011114/25.02.2020 | ഇലക്ട്രിഫിക്കേഷൻ ലേബർ ചാർജ് | 3363 |
| 219011115/25.02.2020 | ഇലക്ട്രിഫിക്കേഷൻ സാധനങ്ങളുടെ വില | 5957 |

ഈ ഹാൾ തണൽ ആക്ടിവിറ്റി ഗ്രൂപ്പിന് തയ്യൽയൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനായി പ്രയോജനപ്പെടുത്തുന്നതിനാണ് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് വൈദ്യുതീകരണം നടത്തിയിട്ടുള്ളത്. ലൈബ്രറി കെട്ടിടത്തിന്റെ വൈദ്യുതി വെള്ളച്ചാർജുകൾ പഞ്ചായത്താണ് അടയ്ക്കുന്നത്. ഹാൾ ഉപയോഗിക്കുന്ന യൂണിറ്റ് പഞ്ചായത്തുമായി കരാറിൽഎർപ്പെട്ടിട്ടില്ല. ഹാൾ ഉപയോഗിക്കുന്നതിന്റെ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറിൽ ഏർപ്പെടേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 40/27.11.2021)

## 1–28 വാട്ടർ അതോറിറ്റിയ്ക്ക് സെന്റേജ്ചാർജ് അധികം നൽകിയത് ക്രമീകരിക്കേണ്ടതാണ്.

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ, പദ്ധതി നം.52/21, പഞ്ചായത്തിലെ വിവിധ വാർഡുകളിലെ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എന്ന പദ്ധതിയ്ക്കായി, വാട്ടർ അതോറിറ്റി, പി എച്ച് ഡിവിഷൻ, 8,00,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുകയും, ബിൽ നം-24/dt.7-10-2020 പ്രകാരം തുക നൽകുകയും ചെയ്തിട്ടുണ്ട്.

വാട്ടർ അതോറിറ്റി മേൽ പ്രവൃത്തിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ സെന്റേജ്ചാർജ് ആയി കാണിച്ചിരിക്കുന്നത് 10% ആണ്. ജി.ഒ.(പി) നം.95/2017/fin,dt.25-7-17 പ്രകാരം, ഒരു കോടിയിൽ താഴെ ചെലവ് വരുന്ന പ്രവൃത്തികൾക്ക് സെന്റേജ്ചാർജ്, 8% ആണ്. ഉത്തരവിന് വിരുദ്ധമായി എസ്റ്റിമേറ്റ് പ്രകാരം അധിക നിരക്കിൽ നൽകിയ സെന്റേജ് ചാർജ്, പണി പൂർത്തിയാക്കി ഫൈനൽബിൽ നൽകുന്ന മുറയ്ക്ക് ക്രമീകരിക്കേണ്ടതാണ്

പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഇതിന്റെ വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1–29 പ്രിന്റിംഗ് ജോലികൾക്ക് കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കുന്നില്ല

വൗച്ചർ നം.22000803, തിയതി.11-11-2020

മേൽ വൗച്ചർ പ്രകാരം, പ്രിന്റിംഗ് ജോലികൾ കരാർ എടുത്ത മാസ്റ്റർ ഓഫ്സെറ്റ് പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന്, വികസനരേഖ പ്രിന്റ് ചെയ്തതിന് പ്രിന്റിംഗ് ചാർജ് ഇനത്തിൽ, 99,900/- രൂപാ നൽകിയിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിൽ നിന്നും, ഇൻകം ടാക്സ് ആക്ട്, 1961, സെക്ഷൻ 194C പ്രകാരമുള്ള ആദായനികുതി ഈടാക്കിയതായി കാണുന്നില്ല. കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കേണ്ടതും ആയത് കേന്ദ്ര സർക്കാരിലേക്ക് അടവാക്കേണ്ടതുമാണ്.

## 1–30 ഗ്രാമ പഞ്ചായത്ത് ലൈബ്രറിയുടെ ശോചനീയാവസ്ഥ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ഒരു പഞ്ചായത്ത് ലൈബ്രറിയും പാർട്ട് ടൈം ലൈബ്രേറിയനും നിലവിലുണ്ട്. എന്നാൽ ഈ ലൈബ്രറി തീർത്തും പ്രവർത്തനക്ഷമമല്ല എന്നാണ് മനസ്സിലാകുന്നത്. ലൈബ്രറിയുടെ സ്ഥാനം ഒറ്റപ്പെട്ട ഇടത്തായതിനാൽ ലൈബ്രറി ഉപയോഗിക്കുന്നവരുടെ എണ്ണം കാര്യമായി ഇല്ല എന്ന് ലൈബ്രേറിയനിൽ നിന്ന് അറിയാനിടയായിട്ടുണ്ട്. ലൈബ്രറിയുടെ സ്റ്റോക്ക് പരിശോധിച്ചതിൽ കേവലം 1688 പുസ്തകങ്ങൾ മാത്രമാണ് ലൈബ്രറിയിൽ ഉള്ളതായി കാണുന്നത്. മറ്റ് രജിസ്റ്ററുകളായ അംഗത്വ രജിസ്റ്റർ, ഇഷ്യൂ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നതായും കണ്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് 166 ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരമുള്ള മൂന്നാം പട്ടികയിൽ ഒരു ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ് വായനശാലകളുടെ നടത്തിപ്പും പ്രോത്സാഹനവും എന്നിരിക്കെ സ്വന്തമായി പാർട്ട് ടൈം ലൈബ്രേറിയന്റെ സേവനം ലഭ്യമായ ഒരു പഞ്ചായത്തിൽ ലൈബ്രറി പ്രവർത്തനം നിർജ്ജീവമായിരിക്കുന്നത് പഞ്ചായത്ത് ചുമതലകൾ നിറവേറ്റുന്നതിലെ പോരായ്മയായി മാത്രമേ വിലയിരുത്താനാകൂ. വിജ്ഞാനവികസനത്തിന്റെ കാലത്ത് ഗ്രന്ഥശാലകൾക്ക് പരമ്പരാഗത പുസ്തകസംഭരണകേന്ദ്രങ്ങൾ എന്നതിനപ്പുറത്ത്

നിരവധി വൈജ്ഞാനിക പ്രവർത്തനങ്ങൾ ഏറ്റെടുക്കാമെന്നിരിക്കെ ആ സാധ്യതകൾ കൂടി പരിഗണിക്കപ്പെടേണ്ടതാണ്. ഭരണസമിതി ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതും ലൈബ്രറി സജീവമാക്കാനുള്ള നടപടികൾ ആവശ്യമെങ്കിൽ അതിന്റെ സ്ഥാനം മാറ്റാനുള്ള നടപടികളുൾപ്പടെ കൈക്കൊള്ളുകയും വേണമെന്ന് ഓഡിറ്റിൽ അഭിപ്രായപ്പെടുന്നു.

## 1–31 വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി നം/പേര് | ചെക്ക്/ ബിൽ നമ്പർ, തിയതി | കൈമാറിയ തുക | കൈമാറിയ സ്ഥാപനം |
|---|---|---|---|
| 18/21 സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ | ബിൽ നം.31/11-11-2020 | 50000 14292 | കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ, മേലൂർ |
| 114/21 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ-വാർഡ്9 | ചെക്ക് നം.-276859, Dt.10-6-2020 | 71774 | കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ, മേലൂർ |
| 52/21 പഞ്ചായത്തിലെ വിവിധ വാർഡുകളിലെ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | ബിൽ നം-24, Dt.7-10-2020 | 800000 | വാട്ടർ അതോറിറ്റി പി എച്ച് ഡിവിഷൻ, ഇരിങ്ങാലക്കുട |

## 1–32 മരാമത്ത് അവലോകനം

2020-21 വർഷം ആകെ 75 ഫയലുകളിൽ 30 ഫയലുകൾ വിശദമായി പരിശോധിച്ചു. പരിശോധനയിൽ എഗ്രിമെന്റ് ഒപ്പു വെയ്ക്കാൻ നിയമാനുസൃത പരിധി കഴിഞ്ഞിട്ടും പിഴ ഈടാക്കാത്ത പ്രവൃത്തികൾ കണ്ടെത്തി. നിയമാനുസൃത കാലാവധി കഴിഞ്ഞിട്ടും നിയമവിധേയമല്ലാതെ തുടർന്ന പ്രവർത്തികളിൽ പിഴ ഈടാക്കാത്തതായും കണ്ടു. ഇത് പ്രത്യേക ഓഡിറ്റ് അന്വേഷണങ്ങളിലൂടെ നിർവ്വഹണോദ്യോഗസ്ഥന്റെ ശ്രദ്ധയിൽ കൊണ്ടു വന്നതിനെത്തുടർന്ന് താഴെ ചേർക്കും പ്രകാരം പിഴത്തുക പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. മറുപടി തൃപ്തികരമല്ലാത്ത പ്രവൃത്തികളിലെ നഷ്ടം റിപ്പോർട്ടിൽ ചേർത്തിരിക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രവർത്തിയുടെ പേര് | എസ്റ്റിമേറ്റ് പി.എ.സി | ഈടാക്കി ഒടുക്കിയ ഫൈൻ |
|---|---|---|---|
| 226/20 | കല്ലുകുത്തി എസ്.സി പരിശീലന കേന്ദ്രം മെയിന്റനൻസ് | 49486 | 1000 |
| 140/21 | പഞ്ചായത്ത് ഓഫീസ് നവീകരണം | 400454.48 | 4100 |
| 231/21 | പൂലാനി ഹെൽത്ത് സബ്സെന്റർ മതിൽ നിർമ്മാണം | 44341 | 1000 |
| | ആകെ | | 6100 |

B. എം.ബുക്കിൽ മണ്ണ് ഡിസ്പോസൽ വ്യക്തമായി രേഖപ്പെടുത്താത്തത്.

എം.ബുക്കിൽ മണ്ണിന്റെ ഡിസ്പോസൽ വ്യക്തമായി രേഖപ്പെടുത്താത്ത സംഗതികളിൽ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. മണ്ണ് ഉപയോഗിച്ചതുമായി ബന്ധപ്പെട്ട് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. നിർവ്വഹണോദ്യോഗസ്ഥന്റെ മറുപടി അംഗീകരിക്കുന്നു. എന്നാൽ മാറിയ സാഹചര്യത്തിൽ മണ്ണ് കൂടുതൽ വിലമതിക്കുന്ന ഒന്ന് എന്ന നിലയ്ക്ക് ഡിസ്പോസൽ എം ബുക്കിൽ ചേർക്കുന്നതും ഫില്ലിംഗിന് ശേഷം ബാക്കി വരുന്നത് ലേലം ചെയ്ത് മുതൽക്കൂട്ടാനും ശ്രദ്ധിക്കേണ്ടതാണ് എന്ന് ഓഡിറ്റിൽ അഭിപ്രായപ്പെടുന്നു.

## 1–33 വൈകി പൂർത്തീകരിച്ച പ്രവർത്തിക്ക് നിയമാനുസൃത ടൈം എക്സ്റ്റെൻഷൻ നൽകിയിട്ടില്ല. ഫൈൻ ഈടാക്കിയിട്ടില്ല.

താഴെ ചേർക്കുന്ന പ്രവർത്തികളിൽ കരാറുകാരനുമായി ചേർന്ന് ഒപ്പുവെച്ച എഗ്രിമെന്റ് വ്യവസ്ഥകൾ (ഖണ്ഡിക 6,7) എന്നിവ ലംഘിച്ചിട്ടും പ്രവർത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയപ്പോൾ നിയമാനുസൃതമായ ഒരു പിഴയും കരാറുകാരനിൽ നിന്ന് ഈടാക്കിയിട്ടില്ല എന്നു കാണുന്നു. ഇവിടെ നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവർത്തി നടത്താത്തതിന്റെ കാരണം കരാറുകാരൻ രേഖാമൂലം അറിയിക്കുകയോ, അതിൻമേൽ പഞ്ചായത്തു സമിതി തീരുമാനം എടുക്കുകയോ, നിയമാനുസൃത കാലയളവിനുള്ളിൽ സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുകയോ ചെയ്തിട്ടില്ല. കരാർ വ്യവസ്ഥകൾക്കും, ഈ പ്രവർത്തികൾക്ക് ഒട്ടാകെയും ബാധകമായ പൊതുമരാമത്ത് മാനുവൽ ഖണ്ഡിക 2012ലെ വ്യവസ്ഥകൾ, 18/08/2018 ലെ എ.സി2/223/15 ത.സ്വ.ഭ.വ. നമ്പർ സർക്കുലർ എന്നിവയ്ക്കും വിരുദ്ധമായി ഈ നടപടി ഓഡിറ്റിൽ വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ തദ്ദേശസ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018 ലെ 2/223/15 ത.സ്വ.ഭ.വ. സർക്കുലർ പ്രകാരം നിർദ്ദേശിച്ച എഗ്രീഡ് പി.എ.സി യുടെ 1% പിഴ താഴെ ചേർക്കുന്ന പ്രവർത്തികളിൽ ഉത്തരവാദികളിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ | പ്രവർത്തിയുടെ പേര് | എഗ്രിമെന്റ്/ തിയ്യതി | T.S നമ്പർ, നിയമാനുസൃത കാലാവധി | ചെക്ക് പ്രവർത്തി പൂർത്തീകരിച്ച അവസാന മെഷർമെന്റ് തിയ്യതി. എം ബുക്ക് | എഗ്രീഡ് പി.എ.സി | ഈടാക്കേണ്ടുന്ന പിഴ |
|---|---|---|---|---|---|---|---|
| 1 | 217/21 | മേലൂർ ഗ്രാമ പഞ്ചായത്ത് 89-ാം നമ്പർ അംഗൻ വാടിക്ക് പുതിയ കെട്ടിടം | 18/AE/LSGD /MLR/19-20 DT.09/01/2020 | 53496/19-20 Dt. 05/09/2019 12 Months | എം.ബി. 29/20-21. പേജ്.13 04/08/2021 | 881048*5% കുറവ് | 8370 |
| 2 | 137/21 | വാർഡ്-17.കാലടി L1 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 01/19-20 /AE/LSGD/MLR DT.15/11/2019 | 72838/19-20 Dt. 05/10/2019 6 Months | നിലവിൽ ആദ്യപാർട്ട് ബിൽ മാത്രമേ മാറിയിട്ടുള്ളൂ. പണി പൂർത്തിയാക്കിയിട്ടില്ല. | 400061 | 4000 |
| 3 | 166/21 | ക്രിമിറ്റോറിയം ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ | കരാർ തിയ്യതി 14/02/2020 | 68023/19-20 Dt. 28/09/2019. 6 Months | 103654 രൂപയുടെ ആദ്യബിൽ മാത്രമേ മാറിയിട്ടുള്ളൂ. പണി പൂർത്തീകരിച്ചിട്ടില്ല. | 445323 | 4453 |
| 4 | 100/21 | ഡിസാസ്റ്റർ മാനേജ് മെന്റ് പ്രോജക്ട് - വാട്ടർ കിയോസ്ക് നിർമ്മാണം | 29/AE/LSGD /MLR/20-21 DT. 05-11-20 | 70815/20-21 Dt. 22-09-2020. 9 Months | എം.ബി.34/20-21 ൽ പേജ് 33 ൽ 09/03/21 ൽ നിലവിലെ അവസാന മെഷർമെന്റ് ചേർത്തിരിക്കുന്നു. ആദ്യബില്ലിൽ ആകെ | 2000000 | 20000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | 319640 രൂപയുടെ പ്രവർത്തി മാത്രമാണ് നടന്നിട്ടുള്ളത്. ബാക്കിപ്രവർത്തി നടന്നിട്ടില്ല | | |
| 5 | 155/21 | മേല്ലൂർ ഗ്രാമ പഞ്ചായത്ത് വായനശാല ട്രസ്സ് വർക്ക് | 1/AE/LSGD /MLR/18-19 Dt. 27/07/2018 | 38925/2018-19. Dt.08/06/2018. 5 Months | എം.ബി.14/19-20. പേജ്.14. തിയ്യതി. 30/01/2020 | 199171 | 1992 |
| 6 | 236/21 | വഴിക്കടവ് റോഡിനു സമീപം വെള്ളക്കെട്ട് ഒഴിവാക്കൽ | 14/AE/LSGD /MLR/20-21 DT.24/08/2020 | 48995/20-21. Dt. 30/07/2020 6 Months | എം.ബി നമ്പർ 57. Page 16. 30/06/2021 | 464403 | 4644 |
| ആകെ | | | | | | | 35089/- |

മേൽ പട്ടികയിലെ പണി പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഇനിയും പൂർത്തീകരിക്കാത്ത പ്രവർത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറികൾക്ക് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി സമർപ്പിച്ചിട്ടുണ്ട്. ഈ പ്രവർത്തികൾ വൈകാനിടയായത് കരാറുകാരുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ച കൊണ്ടല്ല എന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ചില പ്രവൃത്തികളിൽ സൈറ്റിലെ അപ്രതീക്ഷിത സാഹചര്യങ്ങൾ മൂലവും, ചില പ്രോജക്ടുകളിൽ പ്രോജക്ട് തന്നെ റിവൈസ് ചെയ്യേണ്ടി വന്നതു കൊണ്ടുമാണ് പ്രവർത്തികൾ നീണ്ടു പോകാനിടയായത് എന്ന് അറിയിച്ചിരിക്കുന്നു. താഴെ ചേർക്കുന്ന കാരണങ്ങളാൽ ഈ മറുപടികൾ തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

1. തന്റേതല്ലാത്ത കാരണങ്ങളാൽ പ്രവൃത്തി നീണ്ടു പോകുന്ന പക്ഷം യഥാസമയത്ത് കരാറുകാരൻ രേഖാമൂലം നിർവ്വഹണോദ്യോഗസ്ഥനെ അറിയിക്കേണ്ടതാണ്. ഈ പ്രവർത്തികളിലൊന്നും കരാറുകാരുടെ ഭാഗത്തു നിന്നും അങ്ങിനെയൊരു നടപടി ഉണ്ടായിട്ടില്ല.

2. നിയമാനുസൃത സമയപരിധി കഴിഞ്ഞ് നടന്ന പ്രവർത്തി നിയമാനുസൃതമാക്കുന്നതിന് ഭരണസമിതിയുടെ അനുവാദത്തോടെ മാത്രമേ നടത്താനാകു. നിശ്ചിത സമയത്തിനകത്ത് തന്നെ സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുകയും അതിൽ എത്രനാൾ സമയദീർഘീകരണം നൽകുന്നു എന്ന് വ്യക്തമാക്കുകയും വേണ്ടതാണ്. എന്നാൽ മേൽക്കാണിച്ച നടപടികളൊന്നും തന്നെ നടന്നിട്ടില്ല എന്നതിനാൽ മേൽക്കാണിച്ച പ്രവർത്തികളിൽ ഈടാക്കാതെ പോയ പിഴ വരവിനത്തിലുള്ള നഷ്ടമായി വിലയിരുത്തുന്നു.

3. ബാധ്യതകൾക്ക് ഉത്തരവാദിയായി അവസാന മെഷർമെന്റ് നടത്തിയ അസി.എഞ്ചിനീയറെ ഓഡിറ്റിൽ നിജപ്പെടുത്തുന്നു.

## 1-34 എം.ജി.എൻ.ആർ.ഇ.ജി.എസ് അവലോകനം

മേല്ലൂർ ഗ്രാമ പഞ്ചായത്തിലെ താഴെ ചേർക്കുന്ന എം.ജി.എൻ.ആർ.ഇ.ജി പദ്ധതികളുടെ സാംപിൾ ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ കണ്ടെത്തുകയുണ്ടായി

എ. ടെൻഡർ സമർപ്പിച്ച രേഖകൾ ഫയലിൽ ഉണ്ട് എങ്കിലും കരാറുകാർക്ക് ടെൻഡർ ഷെഡ്യൂൾ നൽകിയതായി രേഖയില്ല.

ബി. എല്ലാ ഫയലുകളിലും സൈറ്റ് ഡയറി സൂക്ഷിച്ചിട്ടില്ല.

സി. സൈറ്റ് ഡയറിയിൽ സാധന ഘടകം വേതന ഘടകം എന്നിവ വേർതിരിച്ച് കാണിച്ചി ട്ടില്ല.

ഡി. ഹാജരാക്കിയ എം.ബുക്കിൽ മെമ്മോറാണ്ടം ഓഫ് പേയ്മെന്റ് ചേർക്കുന്നില്ല

ഇ. എസ്റ്റിമേറ്റിൽ മെറ്റീരിയൽസ് വില മെറ്റൽ പോലുള്ളവയിൽ ചേർത്തിരിക്കുന്നത് ക്യുബിക് മീറ്ററിലാണ്. എന്നാൽ കരാറുകാർ പല ബില്ലുകളും ക്യുബിക് ഫീറ്റിലോ, മറ്റ് അളവുകളിലോ ആണ് സപ്ലൈ ചെയ്തിരിക്കുന്നത്. മെറ്റീരിയൽസ് റിക്വയർമെന്റ് എസ്റ്റിമേറ്റിലെ അളവു പ്രകാരം കൺവേർഷൻ നടത്തി ടെക്നിക്കൽ ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ജി. എസ്റ്റിമേറ്റിൽ ചേർത്തിരിക്കുന്ന അതേ പേരിലല്ല പല കരാറുകാർ സമർപ്പിച്ച ബില്ലിൽ ചേർത്തിരിക്കുന്ന പല ഐറ്റത്തിന്റെ പേരുകളും . ഇത്തരം സാഹചര്യത്തിൽ എസ്റ്റിമേറ്റിന് സമാനമായി ഐറ്റം വിശദീകരിച്ച് സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 39/26/11/21) ഇനി വരുന്ന ഫയലുകളിൽ ഇക്കാര്യങ്ങൾ നടപ്പിലാക്കുമെന്ന് സ്ഥാപനം മറുപടി നൽകിയിട്ടുണ്ട്. ഇക്കാര്യങ്ങൾ ഉറപ്പുവരുത്താൻ ബന്ധപ്പെട്ട അധികാരികൾ ഭാവിയിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1–35 സോഷ്യൽ ഓഡിറ്റ് കാര്യക്ഷമമല്ല

2005 ലെ മഹാത്മാഗാന്ധി എൻആർഇജി ആക്ട് സെക്ഷൻ 17 പ്രകാരം ഈ പ്രവൃത്തികളുടെ സോഷ്യൽ ഓഡിറ്റ് നടത്തേണ്ടതുണ്ട്. എന്നാൽ 19-20, 20-21 എന്നീ വർഷങ്ങളിൽ സോഷ്യൽ ഓഡിറ്റ് നടത്തിയതായി കാണുന്നില്ല. സോഷ്യൽ ഓഡിറ്റ് നടക്കാത്ത പക്ഷം ബന്ധപ്പെട്ട ആക്ടിലെ സെക്ഷൻ 27(2) പ്രകാരം കേന്ദ്ര സർക്കാരിന് ഫണ്ട് അനുവദിക്കാതിരിക്കാവുന്നതു നടപടികളെടുക്കാമെന്നിരിക്കെ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് എത്രയും പെട്ടെന്ന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1–36 ആശ്രയ അഗതിരഹിത കേരളം തുക കൈമാറൽ പദ്ധതി കൈമാറിയ തുക കുടുംബശ്രീ സി ഡി എസ് എക്കൗണ്ടിൽ ഉപയോഗിക്കാതെ കിടക്കുന്നു.

അസി. സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ ഈ പദ്ധതിയിൽ, പഞ്ചായത്തിലെ നിരാലംബരായ അഗതി കുടുംബങ്ങൾക്ക് അവരുടെ ആരോഗ്യ പരിപാലനത്തിനും, ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും മറ്റും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനും കുടുംബശ്രീക്ക് തുക കൈമാറുന്നതായിരുന്നു പദ്ധതിയുടെ ഉദ്ദേശ്യം. ഇതിനായി ബിൽ നം.3/20-21, Dt.17-4-20 പ്രകാരം, 103752/ രൂപാ കുടുംബശ്രീ സി ഡി എസിന് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുക നാളിതുവരെ നിർദ്ദിഷ്ട കാര്യത്തിനായി കുടുംബശ്രീ ഉപയോഗിച്ചിട്ടില്ല.

അഗതിരഹിത കേരളം പദ്ധതിയിൽ സഹായം ആവശ്യമുള്ള ധാരാളം ഗുണഭോക്താക്കൾ ഉള്ളതായി പദ്ധതി പരിശോധനയിൽ വ്യക്തമായി. കുടുംബശ്രീ സിഡിഎസിന്റെ അക്കൗണ്ട് പരിശോധനയിൽ മുൻവർഷങ്ങളിലെ പദ്ധതി വിഹിതവും ഇത് പോലെ ഉപയോഗിക്കാതെ അക്കൗണ്ടിൽ കിടക്കുന്നതായി വ്യക്തമായി. പദ്ധതി വിഹിതം ഉപയോഗിക്കാത്തത് സംബന്ധിച്ച് അസി. സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി-41ന്, തീയതി 26/11/21 കോവിഡ് പശ്ചാത്തലത്തിൽ കുടുംബശ്രീ പ്രവർത്തനങ്ങൾ മന്ദീഭവിക്കുകയും, തുക ചെലവഴിക്കാൻ കഴിയാതെ വരികയും ചെയ്തു എന്നാണ് അസി. സെക്രട്ടറി മറുപടി നൽകിയിട്ടുള്ളത്.

അഗതിരഹിതകേരളം പദ്ധതിയിൽ ഗുണഭോക്താക്കൾ ഉള്ള സാഹചര്യത്തിൽ മേൽ തുക അവരുടെ പുരോഗതിയ്ക്കായി ഉപയോഗിക്കുകയോ അല്ലാത്ത പക്ഷം പദ്ധതി വിഹിതം സർക്കാരിലേക്ക് തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്. തുക സംബന്ധിച്ച വിനിയോഗവിവരം ഹാജരാക്കുന്നതു വരെ കുടുംബശ്രീ അക്കൗണ്ടിലേക്ക് കൈമാറിയ 103752/- രൂപാ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1–37 വെള്ളക്കരം കൃത്യമായി അടവാക്കുന്നുണ്ടെങ്കിലും വലിയ ഒരു തുക അടവാക്കാൻ ബാക്കിയുള്ളതായി ബില്ലിൽ കാണുന്നു.

മേലൂർ ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരം ബിൽ ലഭിക്കുന്ന മുറയ്ക്കു കൃത്യമായി, മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഉപയോഗിച്ച് പ്രോജക്ട് വഴിയും, തനത് ഫണ്ട് ഉപയോഗിച്ചും കൃത്യമായി അടവാക്കുന്നുണ്ട്. എന്നിരുന്നാലും ഓരോ ബില്ലുകളിലും ഫൈൻ ആയി തുക കാണിക്കുകയും, പഞ്ചായത്ത് ഫൈൻ ആയി കാണിച്ച തുക അടവാക്കാതെ ഓരോ മാസവും കൃത്യമായി, വെള്ളക്കരം മാത്രം അടവാക്കുകയുമാണ് ചെയ്യുന്നത്. 2021 മാർച്ച് മാസത്തെ ബില്ലിൽ, മാർച്ച് മാസം അടയ്ക്കാൻ ബാക്കിയുള്ളതായി കാണിച്ചിരിക്കുന്നത്, 37588/- രൂപയാണ്. ഇത്തരത്തിൽ, കൃത്യമായി വെള്ളക്കരം അടച്ചിട്ടും ഫൈൻ ഇനത്തിൽ കുടിശ്ശിക വരുന്നത് ഒഴിവാക്കിത്തരാൻ ആവശ്യപ്പെട്ട് കൊണ്ട്, ഗ്രാമപഞ്ചായത്തിൽ നിന്നും വാട്ടർ അതോറിറ്റിയ്ക്ക് കത്തിടപാടുകൾ നടത്തിയിട്ടുണ്ടെങ്കിലും വാട്ടർ അതോറിറ്റി തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

## ഭാഗം –2

## വരവ്–വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം –3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്കുള്ള ഫണ്ട് വിനിയോഗം

സംയുക്തപ്രോജക്ടുമായി ബന്ധപ്പെട്ട ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4ൽ ചേർത്തിരിക്കുന്ന തുകളുടെ വിശദാംശങ്ങൾ ലഭ്യമല്ല എന്ന വിവരം വാർഷികകണക്ക് പരിശോധനയിൽ കൃത്യമായി ചേർത്തിട്ടുണ്ട്.

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം/ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | പോസ്റ്റ് ഷിഫ്റ്റിംഗ് -വാർഡ് 9 | 22000452, 3-8-2020 | 5854 | 5854 | 0 |
| കെ എസ് ഇ ബി | പോസ്റ്റ് ഷിഫ്റ്റിംഗ് -2എണ്ണം-വാർഡ് 9 | 22000453, 5-8-2020 | 8104 | 8104 | 0 |
| കെ എസ് ഇ ബി | ഷിഫ്റ്റിംഗ് ഓഫ് ഇലക്ട്രിക് പോൾ -എലമ്പ്ര കോളനി | 22000789, 5-11-2020 | 12652 | 12652 | 0 |
| കെ എസ് ഇ ബി | പോസ്റ്റ് ഷിഫ്റ്റിംഗ്-വാർഡ് 11 | 22000801, 9-11-2020 | 13598 | 13598 | 0 |
| കെ എസ് ഇ ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 31/11-11-2020<br>22000806, 11-11-2020 | 50000<br>14292 | -<br>- | 50000<br>14292 |
| കെ എസ് ഇ ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ-വാർഡ്9 | 22000254, 11-6-2020 | 71774 | - | 71774 |
| കേരളാ വാട്ടർ അതോറിറ്റി | പഞ്ചായത്തിലെ വിവിധ വാർഡുകളിലെ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 24/7-10-2020 | 800000 | - | 800000 |

സാമ്പത്തിക വർഷത്തെ കണക്കുകൾ മാത്രമാണ് ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയിട്ടുള്ളത്. ഇക്കാരണത്താൽ വാർഷിക കണക്കുകളുടെ B18 പട്ടികയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. നീക്കിയിരിപ്പ് വിവരങ്ങൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പാ/വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം/തിയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | മുതൽ | പലിശ |
| ഇ എം എസ് ഭവനപദ്ധതി | | 9190000 | 59168 | 59168 | | 0 | |
| ലൈഫ് -ഹഡ്കോ | | 2829731 | 2829731 | 380471 | | 2449260 | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | | | |
|---|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 3144942 | |
| 2 | തൻവർഷം നിക്ഷേപിച്ച തുക | - | |
| | പലിശ | 387117 | |
| 3 | ആകെ | 3532059 | |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | - | |
| 5 | വർഷാവസാനം അവശേഷിക്കേണ്ട സ്ഥിരനിക്ഷേപം | 3532059 | |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം | നിക്ഷേപത്തിന്റെ വിവരം | തുക<br>3251683 |

വർഷാദ്യത്തിൽ 31,44,942 രൂപയുടെ സ്ഥിര നിക്ഷേപം ഉണ്ടായിരുന്നു. തൻവർഷം പലിശയിനത്തിൽ 3,87,117 രൂപ RP-9 ഷെഡ്യൂൾ പ്രകാരം വരവുണ്ട്. പലിശ കൂടി ചേർത്ത് 35,32,059 രൂപയാണ് ബാക്കിയായി കാണേണ്ടത്. എന്നാൽ വാർഷിക കണക്കു പ്രകാരം 32,51,683/- രൂപയാണ് നീക്കിയിരിപ്പ് (വ്യത്യാസം 2,80,376) ഈ സാഹചര്യത്തിൽ 2,80,376 രൂപയുടെ കണക്ക് വിശദീകരിക്കപ്പെടേണ്ടതാണ്.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം ലഭ്യമാകാത്തതിനാൽ ഈ റിപ്പോർട്ടിൽ ചേർത്തിട്ടില്ല.

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 91218363 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 106520560 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 172152 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 24000 | ഇന്ദു വിശ്വകുമാർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-21 | 44400 | ഡോ. രശ്മി, മെഡിക്കൽ ഓഫീസർ |
| 1-36 | 103752 | അനൂപ്.സി.എൻ, അസി.സെക്രട്ടറി |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദിയായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ക്രമ നമ്പർ | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1. | ഇന്ദു വിശ്വകുമാർ ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് | കരിപ്പാത്ര ഹൗസ്, സൗത്ത് താണിശ്ശേരി, ഐരാണിക്കുളം പി.ഒ, മാള, തൃശ്ശൂർ – 680734 |
| 2. | ഡോ. രശ്മി, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, മേലൂർ ഗ്രാമപഞ്ചായത്ത് | ചെറയത്ത്, ആദിച്ചനല്ലൂർ, കൊല്ലം- 691573 |
| 3. | അനൂപ്.സി.എൻ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, ആലങ്കോട് ഗ്രാമപഞ്ചായത്ത് | ചക്കംകുളങ്ങര പറമ്പിൽ ഹൗസ്, അവിട്ടത്തൂർ പി.ഒ, 680683. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 96-97 ചെലവ് | എൽ.എഫ്.ടി.(പി7)-2157(1)/13/ 15.3.14/19.06.14 |
| 97-98 ചെലവ് | എൽ.എഫ്.ടി.(പി7)-2157(1)/13/ 15.3.14/19.06.14 |
| 98-99 ചെലവ് | എൽ.എഫ്.ടി.(പി7)-2157(1)/13/ 15.3.14/19.06.14 |
| 99-00 ചെലവ് | എൽ.എഫ്.ടി.(പി7)-2157(1)/13/ 15.3.14/19.06.14 |
| 2000-01, 01-02 പ്ലാൻ | എൽ.എഫ്.ടി.(പി7)-2157(1)/13/ 15.3.14/19.06.14 |
| 96-97 വരവ് | എൽ.എഫ്.ടി.(പി7)-2157(1)/13/ 15.3.14/19.06.14 |
| 97-98 വരവ് | എൽ.എഫ്.ടി14-62/08/ 27.04.09 |
| 98-99 വരവ് | എൽ.എഫ്.ടി14-63/08/ 27.04.09 |
| 99-00 വരവ് | എൽ.എഫ്.ടി14-64/08/ 27.04.09 |
| 00-01 | എൽ.എഫ്.ടി14-65/08/ 27.04.09 |
| 01-02 | എൽ.എഫ്.ടി14-66/08/ 27.04.09 |
| 02-03 | എൽ.എഫ്.ടി.പി7-2157(1)/13/ 15.03.14/19.06.14 |
| 03-04 | എൽ.എഫ്.ടി.പി7-2157(1)/13/ 15.03.14/19.06.14 |
| 04-05 | എൽ.എഫ്.ടി.പി7-2157(1)/13/ 15.03.14/19.06.14 |
| 05-06 | എൽ.എഫ്.ടി.പി7-2157(1)/13/ 15.03.14/19.06.14 |
| 06-07 | എൽ.എഫ്.ടി.പി7-2157(1)/13/ 15.03.14/19.06.14 |
| 07-08 | എൽ.എഫ്.ടി.പി3-2094/11/ 21.12.11 |
| 08-09 | എൽ.എഫ്.ടി.പി3-2095/11/ 21.12.11/12.03.12 |
| 09-10,10-11 | എൽ.എഫ്.ടി.പി3-2157/12/ 6.03.13/ 6.06.13 |
| 11-12 | എൽ.എഫ്.ടി.പി3-1435/13/ 15.01.14/11.03.14 |
| 12-13 | എൽ.എഫ്.ടി.പി7-1420/14/ 21.01.15/28.03.15 |
| 13-14 | നം കെ.എസ്.എ.ടി.എസ്.ആർ.(പി7)21/16/ 18.1.16/4.3.16 |
| 14-15 | നം കെ.എസ്.എ.ടി.എസ്.ആർ.(പി7)/1048 /16/01.07.16 |
| 2015-16 | നം കെ.എസ്.എ.ടി.എസ്.ആർ.(പി7)/2196/ 2016/7-1-2017 |
| 2016-17 | നം കെ.എസ്.എ.ടി.എസ്.ആർ.(പി7)/1482/ 17 തീയതി 27.11.17/13.12.17 |

| | |
|---|---|
| 2017-18 | നം.കെ.എസ്.എ.ടി.എസ്.ആർ.(പി7)883/19 തീയതി:21.06.19 |
| 2018-19 | നം.കെ.എസ്.എ.ടി.എസ്.ആർ.(പി8)1304/20 തീയതി:18.12.2020 |
| 2019-20 | നം.കെ.എസ്.എ.ടി.എസ്.ആർ.(പി8)1709/21 തീയതി: 27.06.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ജില്ലയിലെ -ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ മേലൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്